കേരള വനംവകുപ്പ്

നിലമ്പൂർ നോർത്ത് ഡിവിഷൻ

ഇ-ദർഘാസ് പരസ്യം

KFDDO/59041/2026-DFONLBRN/C4 തീയതി: 03.11.2026

കേരള വനംവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള (സർക്കാർ ഉത്തരവ് (എം.എസ്.) 26/2017/F&WLD തീയതി 20.05.2017, സർക്കാർ ഉത്തരവ് (ആർ.ടി.) 141/2021/F&WLD തീയതി 06.05.2021 പ്രകാരം) നിലവിൽ യോഗ്യരായ 'എ', 'ബി', 'സി' ക്ലാസ് കോൺട്രാക്ടർമാരിൽ നിന്നും താഴെ പട്ടിക I-ൽ വിവരിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിന് ഇ-ടെണ്ടർ മുഖേന ദർഘാസ് ക്ഷണിയ്ക്കുന്നു. ദർഘാസുകാർ വനംവകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും, ഇതരവ്യവസ്ഥകളും പാലിയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും, ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ എസ്.ബി.ഐ.യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ എൻ.ഇ.എഫ്.ടി. വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കാൻ www.etenders.kerala.gov.in എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളു. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ടെണ്ടറിനോടൊപ്പം 200/- രൂപയുടെ കേരള സർക്കാരിന്റെ മുദ്രപത്രത്തിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, സ്കാൻ ചെയ്ത കോപ്പി ഓൺലൈനായി സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ തുറക്കുന്നതിനുമുമ്പ് സമർപ്പിക്കാത്തതുമായ ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ

എൻ.ഐ.സി.യിൽ നിന്നോ www.etenders.kerala.gov.in വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ്പ്ഡെസ്ക്കിൽ നിന്നോ, ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേമെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാട് നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർക്ക് വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

വിജയി ആകുന്ന ദർഘാസുകാരൻ സർക്കാർ നിശ്ചയിച്ച തുകയ്ക്കുള്ള മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ദർഘാസ് തുകയ്ക്കുള്ള പി.ഡബ്ലിയു.ഡി. വിഭാഗം അതാത് സമയങ്ങളിൽ നിശ്ചയിച്ചിട്ടുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റ് സഹിതം ഉടമ്പടി വെയ്ക്കേണ്ടതാകുന്നു. ദർഘാസിനായി പരസ്യപ്പെടുത്തിയ തീയതി ഏതെങ്കിലും കാരണത്താൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും, സമയത്തും ദർഘാസ് നടത്തുന്നതായിരിക്കും. ദർഘാസിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ വിവരിയ്ക്കുന്നു.

പട്ടിക - I

ക്രമ നമ്പർ	റെയ്ഞ്ച്	പ്രവൃത്തിയുടെ പേര്	അളവ്	പ്രവൃത്തി ചെയ്യുന്ന സ്ഥലം	അടങ്കൽ തുക
1	സെൻട്രൽ നഴ്സറി	റൂട്ട് ട്രെയ്നർ തൈകൾ വളർത്തുന്നതിന് ജൈവ കമ്പോസ്റ്റ് നിർമ്മാണം	90 MT	വള്ളുവശ്ശേരി, സെൻട്രൽ നഴ്സറി, നിലമ്പൂർ	20,32,000/-

മേൽ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രവൃത്തിയുടെ ഏകദേശ അളവ് ആകയാൽ ആയതിൽ മാറ്റം ഉണ്ടാകാവുന്നതാകുന്നു. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം നിയമാനുസൃതമായ പിഴ ദർഘാസുകാരനിൽ നിന്നും വസൂലാക്കുന്നതിനുള്ള പൂർണ്ണ അധികാരം വനംവകുപ്പ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. നിലവിലുള്ള ലേലവ്യവസ്ഥകൾ ഈ ദർഘാസിനും ബാധകമായിരിക്കും. ഈ ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിയ്ക്കുന്ന അധികാരിയിൽ നിക്ഷിപ്തമാകുന്നു.

പട്ടിക - II

ക്രമ നമ്പർ	റെയ്ഞ്ച്	പ്രവൃത്തിയുടെ പേര്	അടങ്കൽ തുക	നിരത ദ്രവ്യം (2.5%)	ദർഘാസ് ഫോറത്തിന്റെ വില (0.25%)
1	സെൻട്രൽ നഴ്സറി, നിലമ്പൂർ	റൂട്ട് ട്രെയ്നർ തൈകൾ വളർത്തുന്നതിന് ജൈവ കമ്പോസ്റ്റ് നിർമ്മാണം	20,32,000/-	50,000	2500

ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി : 03.11 .2026 - 6.00 pm

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും : 11.11.2026 - 6.00 pm

ടെണ്ടർ തുറക്കുന്ന തീയതിയും സമയവും : 13.11.2026 -12.00 pm

കരാർ കാലാവധി : **ഉടമ്പടി തീയതി മുതൽ 180 ദിവസം**

കൂടുതൽ വിവരങ്ങൾ നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ: 04931 220232), നിലമ്പൂർ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ: 04931 220005), പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നിലമ്പൂർ നോർത്ത് ഡിവിഷൻ
(കേരള ഗവർണ്ണർക്കുവേണ്ടി)